

ഡോ. എൻ.ഗോപകുമാർ
www.drgopakumarurology.com

യൂറോളജി & ആൻഡ്രോളജി

മൂത്രത്തിന്റെ നിറവ്യത്യാസവും കാരണങ്ങളും

ഡോക്ടർ, ഞാൻ 36 വയസ്സുള്ള വീട്ടമ്മയാണ്. മൂത്രം നല്ലവെളുത്ത് പാൽ കളറിൽ പോകുന്നു. വേദനരഹിതമായാണു പോകുന്നത്. എന്താണ് ഇങ്ങനെ ഉണ്ടാകുന്നതെന്ന് വിശദീകരിക്കാമോ?

രാധിക, കൊല്ലം

മൂത്രം ഒരു തെളിഞ്ഞ ദ്രാവകമാണ്. ഫോ സ്ഫേറ്റുകൾ ക്ഷാരാംശം ഉള്ള മൂത്രത്തിൽ അടിഞ്ഞു കൂടുമ്പോൾ കലങ്ങിയ മൂത്രം ഉണ്ടാകുന്നു. മൂത്രാശയ സംവിധാനത്തിൽ അണുബാധ ഉണ്ടാകുമ്പോൾ മൂത്രം കലങ്ങിപ്പോകുന്നു. മൂത്രത്തിന്റെ മൈക്രോസ്കോപ്പിക് പരിശോധന വഴി രോഗനിർണയം നടത്താം.

കൈലൂറിയ ആണ് മൂത്രം കലങ്ങിപ്പോകാനുള്ള മറ്റൊരു കാരണം. വയറിനുള്ളിലെ ലിംഫ് നാളികളിൽനിന്നു ലിംഫ് ദ്രാവകം വൃക്കയിലേക്ക് ലീക്ക് ചെയ്യുമ്പോൾ മൂത്രത്തിന് പാൽനിറം ലഭിക്കുന്നു. കൊഴുപ്പു കൂടുതലുള്ള ഭക്ഷണം കഴിക്കുമ്പോഴും കൈലൂറിയ പ്രകടമാകുന്നു. ക്ഷയരോഗം, കാൻസർ, വയറിനേറ്റ ക്ഷതം മുതലായവയും കൈലൂറിയയ്ക്ക് കാരണമാകുന്നു.

ന്യൂമചുറിയ എന്നാൽ മൂത്രത്തിൽ കൂടി വായു പുറത്തേക്കു പോകുന്ന അവസ്ഥയാണ്. കുടലും മൂത്രാശയ സംവിധാനവും ബന്ധപ്പെട്ടു കിടക്കുന്ന അവസ്ഥ മൂലം വായു, മലം മുതലായവ മൂത്രത്തിൽ കൂടി വിസർജിക്കപ്പെടുന്നു.

വൻകുടൽ കാൻസർ, ഡൈവർട്ടിക്കുലൈറ്റിസ് മുതലായവ മൂലവും ഇത്തരം അവസ്ഥ ഉണ്ടാകുന്നു. വിവിധ ആഹാരപദാർഥങ്ങളും മരുന്നുകളും മൂത്രത്തിനു നിറവ്യത്യാസമുണ്ടാക്കാറുണ്ട്. ബീറ്റ്റൂട്ട്, ബ്ലാക്ക്ബെറി മുതലായവ മൂത്രത്തിനു ചുവപ്പു നിറം നൽകുന്നു. മലബന്ധം, ക്ഷയരോഗ ചികിത്സ മുതലായവയുടെ ചികിത്സയ്ക്ക് ഉപയോഗിക്കുന്ന ചില മരുന്നുകൾ മൂത്രത്തിന്റെ നിറവ്യത്യാസത്തിനു കാരണമാകുന്നു. മൂത്രത്തിന് ഓറഞ്ച് നിറം നൽകുന്ന മരുന്നുകളുണ്ട്. ചില വൈറ്റമിൻ ബി മരുന്നുകൾ മൂത്രത്തിന് മഞ്ഞ നിറം നൽകുന്നു.

ചില സൈക്യാട്രിക് മരുന്നുകൾ മൂത്രത്തിന് പച്ച-നീല നിറം നൽകുന്നു. ചില ആന്റിബാക്ടിരിയൽ മരുന്നുകൾ മൂത്രത്തിന് ബ്രൗൺ നിറം നൽകുന്നു. അൽകാപ്റ്റോന്യൂറിയ, രക്തസമ്മർദം എന്നിവയ്ക്ക് ഉപയോഗിക്കുന്ന ചില മരുന്നുകളും മൂത്രത്തിനു കറുപ്പുനിറം നൽകുന്നു.

മൂത്രത്തിൽ കല്ല്, മൂത്രാശയ അണുബാധ, മൂത്രാശയ സംവിധാനത്തിലെ കാൻസറുകൾ, വൃക്കരോഗങ്ങൾ മുതലായ അവസ്ഥകൾ മൂലം മൂത്രത്തിൽ രക്തത്തിന്റെ അംശം കാണാം. ■

വിട്ടു.

"ഇരിക്ക്." രാഹുൽ വീണ്ടും ഇരുന്നു.

●●●●●●●

ആൻസി അവളുടെ മുറിയിലിരുന്ന് എൻട്രൻസ് ടെസ്റ്റിനു വേണ്ടി പഠിക്കുകയായിരുന്നു. പക്ഷേ, അവളുടെ കണ്ണുകൾ പലപ്പോഴും ജനാല വഴി ഗേറ്റിലേക്ക് ചെന്നു കൊണ്ടിരുന്നു. ജിബിയെയും കൊണ്ട് റോണിച്ചായൻ ആർപി എന്റർപ്രൈസസിന്റെ ഓഫിസിലേക്കു പോയിട്ട് മണിക്കൂർ ഒന്നര കഴിഞ്ഞിരിക്കുന്നു. തിരിച്ചുവരാൻ എന്താണ് ഇത്ര താമസം? അങ്ങോട്ട് പോകാനും ഇങ്ങോട്ടു വരാനും കൂടി ഏറിവന്നാൽ അര മണിക്കൂർ മതി. ഓഫിസിൽ ചെന്നാൽ ഹർഷൻ സാറിനെ കാണാൻ കൂടിയാൽ പത്തു മിനിറ്റ് മതി. ഹർഷൻ സാറാണ് ജോലിക്ക് ആളിനെ എടുക്കുന്നത്. ചിലപ്പോൾ എച്ച്ആർ മാനേജരെയും കാണേണ്ടിവന്നേക്കും. എന്നാലും ഇത്രയും സമയം എടുക്കേണ്ട ഒരു കാര്യവുമില്ല.

റോണിച്ചായനെ ഒന്നു വിളിച്ചു ചോദിച്ചാലോ എന്ന് അവൾ പലവട്ടം ആലോചിക്കാതിരുന്നില്ല. പക്ഷേ, അമിത താൽപര്യം കാണിക്കുന്നു എന്ന് റോണിച്ചായൻ വിചാരിച്ചാലോ എന്നു ഭയന്നാണ് അവൾ വിളിക്കാൻ മടിച്ചത്. ക്ഷമ നശിച്ചപ്പോൾ ആൻസി എഴുന്നേറ്റ് അടുക്കളയിലേക്കു ചെന്നു. ഉച്ചയൂണിന് മോര് കാച്ചാനുള്ള തയാറെടുപ്പിലായിരുന്നു ശലോമി.

"എന്താ മോളെ പഠിച്ചു പഠിച്ചു ബോറടിച്ചോ?" ശലോമി ചോദിച്ചു.

"ഇല്ല."

"പിന്നെന്താ ദാഹിക്കുന്നുണ്ടോ... തേങ്ങാവെള്ളം എടുത്തു വച്ചിട്ടുണ്ട്. തരട്ടെ?"

"വേണ്ടാ."

"വിശപ്പായെങ്കിൽ അര മണിക്കൂർ കൂടി കഴിയേണ്ടിവരും ചോറുണ്ണാൻ."

"അതല്ല ചേച്ചീ. ജിബിച്ചായനെയും കൊണ്ട് റോണിച്ചായൻ പോയിട്ട് മണിക്കൂർ രണ്ടു കഴിഞ്ഞു. ഇതുവരെ വന്നില്ലല്ലോ."

ആൻസി പറഞ്ഞതു കേട്ട് ശലോമി ചിരിച്ചു. "ആണുങ്ങളല്യോ... വെളിയിൽ പോയാൽ അവർക്ക് ഉടനെയൊന്നും വരാൻ പറ്റത്തില്ല."

"അതെന്താ ആണുങ്ങൾക്കിത്ര പ്രത്യേകത?"

"നമ്മൾ പെണ്ണുങ്ങൾക്ക് എത്രയും വേഗം വീടെത്തണമെന്നായിരിക്കും ചിന്ത. ആണുങ്ങൾക്ക് വീട്ടിലേക്ക് പോകുന്ന കാര്യം ഓർമ വരത്തേയില്ല. ചായക്കടയിൽ കയറി വല്ലതും കഴിച്ച് കറങ്ങി നടക്കും. പറ്റുമെങ്കിൽ ബാറിൽ കയറി ഓരോന്ന് വിഴുങ്ങും, സിനിമയ്ക്ക് പോകും."

"റോണിച്ചായൻ ബാറിലും കേറത്തില്ല സിനിമയും കാണത്തില്ല." ആൻസി പറഞ്ഞു.

"അളിയൻ കൊച്ചനെ ഒരു സിനിമ കാണിച്ചിട്ട് വരാമെന്ന് വിചാരിച്ചാലോ..." കുസൃതിച്ചിരിയോടെ ശലോമി പറഞ്ഞു.

"അളിയൻ കൊച്ചനോ?" മനസ്സിലായെങ്കിലും മനസ്സിലായില്ലെന്ന് ആൻസി നടിച്ചു.

"ട്രീസമോൾടെ കെട്ട് ഏതാണ്ട് ഉറച്ചു കഴിഞ്ഞില്ലേ. ഇനി ഇളയ പെങ്ങൾക്കും വേണ്ടേ ഒരു മണവാളൻ."

"പോ ചേച്ചി... എനിക്കങ്ങനുള്ള ആഗ്രഹമൊന്നുമില്ല. ഞാൻ വെറുതെ തമാശയ്ക്ക്..." സത്യം അംഗീകരിക്കാൻ അവളുടെ ലജ്ജ അനുവദിച്ചില്ല. ട്രീസയ്ക്ക് ശാരദാനഴ്സിങ് ഹോമിൽത്തന്നെ ജോലി ചെയ്യുന്ന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ ടെക്നീഷ്യൻ ജോസുമായിട്ടുള്ള കല്യാണം തീരുമാനിച്ചുവച്ചിരിക്കുകയാണ്.

"തമാശ മാത്രമാണെങ്കിൽ കുഴപ്പമില്ല. അല്ലെങ്കിൽ കെട്ട് നടക്കാൻ കുറെ കാത്തിരിക്കേണ്ടിവരും." ശലോമി പറഞ്ഞു.

"അതെന്തിനാ?"

"നഴ്സിങ്ങിന് അഡ്മിഷൻ കിട്ടിയാൽ മൂന്നു കൊല്ലം പഠിക്കണ്ടേ. അതു കഴിഞ്ഞല്ലേ കെട്ട് നടക്കൂ?"

"എനിക്ക് മൂന്നു കൊല്ലം പഠിക്കാനൊന്നും വയ്യ. ഓഫിസിൽ വല്ല അസിസ്റ്റന്റിന്റെയും ജോലി കിട്ടിയാ മതിയാരുന്നു."

"മൂന്നു കൊല്ലം വെയിറ്റ് ചെയ്യാൻ വയ്യാ. അതിനുള്ളിൽ വല്ല പെൺകിളിയും ജിബിച്ചായനെ നോട്ടമിട്ടാലോ...അല്ലേ?"

"പോ ചേച്ചി...എനിക്ക് ദേഷ്യം വരുന്നുണ്ട്..." അവൾ മുഖം വീർപ്പിച്ചു.

അപ്പോഴാണ് റോണിയുടെ ബൈക്ക് ഗേറ്റ് കടന്ന് ഉള്ളിലേക്കു കയറി വന്ന് മുറ്റത്തു നിന്നത്. ആൻസി പുറത്തേക്ക്